## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 60** **22-02-2022 - ൽ മറുപടിയ്ക്ക്**

## കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബത്തിന് ധനസഹായം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് സർക്കാർ നൽകുന്ന ധനസഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ അടുത്ത ബന്ധുക്കൾക്ക് അമ്പതിനായിരം രൂപ എക്സ് ഗ്രേഷ്യാ ധനസഹായം നൽകുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വരുമാനദായകൻ/ വരുമാനദായിക കോവിഡ് ബാധിച്ച് മരണമടഞ്ഞാൽ അവരുടെ അടുത്ത ബന്ധുക്കൾക്ക് മൂന്ന് വർഷം വരെ പ്രതിമാസം 5000/- രൂപ വീതം പെൻഷൻ നൽകുന്നുണ്ട്. കോവിഡ് ബാധിച്ച് മാതാപിതാക്കൾ രണ്ടു പേരും മരണപ്പെടുകയോ മാതാപിതാക്കളിൽ ഒരാൾ നേരത്തെ മരണപ്പെടുകയും ശേഷിച്ചയാൾ കോവിഡ് മൂലം മരണപ്പെടുകയോ ചെയ്ത അനാഥരായ കുട്ടികളുടെ പേരിൽ ഒറ്റത്തവണയായി 3 ലക്ഷം രൂപ സ്ഥിര നിക്ഷേപമായി 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിൽ അനുവദിക്കുന്നതോടൊപ്പം പ്രതിമാസം 2000 രൂപ വീതം കുട്ടിക്ക് 18 വയസ്സ് പൂർത്തിയാകുന്നതു വരെയും അനുവദിക്കുന്നു. ഇതിനു പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കുട്ടികളുടെ ബിരുദതലം വരെയുള്ള വിദ്യാഭ്യാസ ചിലവ് കുട്ടികളുടെ അപേക്ഷയിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വനിതാ ശിശുവികസന വകുപ്പ് മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നേരിട്ട് തുക അനുവദിക്കുന്നതാണ്. ബാൽ സ്വരാജ്/പി.എം കെയർ എന്നീ പോർട്ടലുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള കോവിഡ് ധനസഹായ പദ്ധതിയുടെ ഗുണഭോക്താക്കളായ 103 കുട്ടികൾക്ക് ആകെ 3,20,00,000/- അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | നിലവിൽ എത്ര പേർക്ക് പ്രസ്തുത ധനസഹായം ലഭ്യമാക്കിയെന്നത് ജില്ല തിരിച്ച് വിശദമാക്കുമോ; | (ബി) | ധനസഹായം അനുവദിച്ചതിന്റെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | സംസ്ഥാനത്തിന് പുറത്ത് ചികിത്സയിലിരിക്കേ | (സി) | കോവിഡ് ബാധിച്ച് മറ്റ് സംസ്ഥാനങ്ങളിൽ വച്ച് |

| | | | |
|---|---|---|---|
| | കോവിഡ് ബാധിച്ച് മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | | മരണം സംഭവിച്ചവരുടെ അടുത്ത ബന്ധുക്കൾക്ക് കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റിന്റെയും മരണ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോവിഡ് എക്സ് ഗ്രേഷ്യ അനുവദിക്കുന്നതിന് സ.ഉ(സാധാ)നം.34/2022/ഡി.എം.ഡി തീയതി 13/1/2022 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ വച്ച് കോവിഡ് മൂലം മരണമടഞ്ഞവരുടെ അടുത്ത ആശ്രിതർക്ക് എക്സ് ഗ്രേഷ്യ നൽകുന്നതിനുള്ള അപേക്ഷ 07/02/2022 മുതൽ ഓൺലൈനായി സമർപ്പിക്കാനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി അപേക്ഷകൾ അക്ഷയ കേന്ദ്രത്തിന് പുറമേ എല്ലാ വില്ലേജുകളിലും സ്വീകരിക്കാനുള്ള നടപടി ജില്ലാഭരണകൂടങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കാസർകോട് ജില്ലക്കാരായ എത്ര പേരാണ് തൊട്ടടുത്ത കർണാടക സംസ്ഥാനത്ത് ചികിത്സയിലിരിക്കേ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇവരുടെ ആശ്രിതർക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ഡി) | കാസർഗോഡ് ജില്ലക്കാരായ 54 പേർ കർണാടക സംസ്ഥാനത്ത് ചികിത്സയിലിരിക്കെ മരണപ്പെട്ടിട്ടുണ്ട്. ടിയാളുകളുടെ ബന്ധുക്കളുടെ പക്കൽ കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റും മരണ സർട്ടിഫിക്കറ്റും മാത്രമാണുള്ളതെന്നും കർണാടകത്തിൽ നിന്നും ഔദ്യോഗിക കോവിഡ് മരണ സ്ഥിരീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഇവർക്ക് ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട് എന്നും ബോധ്യമായ സാഹചര്യത്തിൽ മറ്റ് സംസ്ഥാനങ്ങളിൽ വച്ച് കോവിഡ് മൂലം മരണമടഞ്ഞവർക്ക് അതത് സംസ്ഥാനങ്ങൾ കോവിഡ് മരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നില്ലായെങ്കിൽ മറ്റ് സംസ്ഥാനത്തു നിന്നും ഈ തുകയ്ക്കായി അപേക്ഷ സമർപ്പിക്കുകയോ കൈപ്പറ്റുകയോ ചെയ്തിട്ടില്ല എന്നുള്ള സാക്ഷ്യപത്രം, കോവിഡ് പോസിറ്റീവ് സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ, കോവിഡ് സ്ഥിരീകരിച്ച് ഒരു മാസത്തിനകമാണ് മരണമെങ്കിൽ, അടുത്ത ബന്ധുക്കൾക്ക് കോവിഡ് എക്സ് ഗ്രേഷ്യ നൽകുന്നതിന് 13.01.2022ലെ സ.ഉ(സാധാ)നം.34/2022/ഡി.എം.ഡി പ്രകാരം ജില്ലാ കളക്ടർമാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഇ) | കർണാടക സംസ്ഥാനത്ത് ചികിത്സയിലിരിക്കെ കോവിഡ് ബാധിച്ച് മരണപ്പെട്ട കാസർകോട് ജില്ലക്കാരായ എത്ര പേർക്കാണ് സർക്കാർ ധനസഹായം അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇത്തരത്തിൽ അർഹരായ എല്ലാവർക്കും ധനസഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | കർണ്ണാടക സംസ്ഥാനത്ത് ചികിത്സയിലിരിക്കെ കോവിഡ് ബാധിച്ച് മരണമടഞ്ഞ 46 പേരുടെ ആശ്രിതർക്ക് സഹായധനം അനുവദിച്ചിട്ടുണ്ട്. തുടർന്ന് ലഭിക്കുന്ന അപേക്ഷകളിലും അർഹരായവർക്ക് ധനസഹായം അനുവദിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | കോവിഡ് എക്സ് ഗ്രേഷ്യാ ധനസഹായം അനുവദിച്ചവരുടെ എണ്ണം | കോവിഡ് ബാധിച്ച് മാതാപിതാക്കൾ മരണപ്പെട്ട കുട്ടികൾക്ക് നൽകുന്ന ധനസഹായം ലഭിച്ച കുട്ടികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 6611 | 9 |
| കൊല്ലം | 4916 | 11 |
| ആലപ്പുഴ | 4138 | 10 |
| കോട്ടയം | 2869 | 8 |
| ഇടുക്കി | 1097 | 6 |
| പത്തനംതിട്ട | 1729 | 3 |
| എറണാകുളം | 5247 | 7 |
| തൃശ്ശൂർ | 5049 | 13 |
| പാലക്കാട് | 4468 | 9 |
| കോഴിക്കോട് | 4633 | 5 |
| കണ്ണൂർ | 3887 | 5 |
| മലപ്പുറം | 4499 | 9 |
| വയനാട് | 758 | 0 |
| കാസർഗോഡ് | 1215 | 8 |

സെക്ഷൻ ഓഫീസർ